**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏലൂർ മുനിസിപ്പാലിറ്റി - 'കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം'- കരാറുകാരനുമായി 2015 DSR നിരക്ക് പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1337/2019/തസ്വഭവ തിരുവനന്തപുരം, തീയതി,: 29/06/2019

പരാമർശം:- 1) കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2017 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.2

2) ബഹു.ഹൈക്കോടതിയുടെ 29/06/2018-ലെ W.P.(C).No.35341/2017-നമ്പർ കേസിന്മേലുള്ള ഉത്തരവ്

3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06/06/2019-ലെ ഡി.ബി.1/6369/10/സി.ഇ./തസ്വഭവ നമ്പർ കത്ത്

4) ഏലൂർ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ 11/06/2019-ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക സമർപ്പിച്ച നിവേദനം

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റി 2009 വർഷത്തിൽ 'കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം' എന്ന പദ്ധതി ആവിഷ്കരിച്ച് നിർമ്മാണം തുടങ്ങി. എന്നാൽ പ്രവൃത്തി ആരംഭിച്ചതിനു ശേഷം, എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം നിർമ്മാണ സാമഗ്രികൾ കൂടുതലായി ആവശ്യം വരികയും തുടർന്ന് രണ്ടു തവണ എസ്റ്റിമേറ്റ് പുതുക്കുകയുമുണ്ടായി. നിരക്ക് വർദ്ധനവിനനുസരിച്ച് കോൺട്രാക്ട് തുക വർദ്ധിപ്പിച്ച് തരണമെന്ന കോൺട്രാക്ടറുടെ ആവശ്യം അംഗീകരിക്കാതെ, കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ പ്രവൃത്തി അവസാനിപ്പിക്കാൻ മുനിസിപ്പാലിറ്റി 27/09/2017-ൽ തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനത്തിനെതിരെ കോൺട്രാക്ടർ ബഹു.ഹൈക്കോടതിയെ WP(C) 35341/17 മുഖാന്തിരം സമീപിച്ചു. 2015 DSR അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കാമെന്ന കോൺട്രാക്ടറുടെ സമർപ്പണത്തെ വിശ്വാസത്തിലെടുക്കാമെന്നും, പുതിയ നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായേക്കാവുന്ന തുകയേക്കാൾ കുറഞ്ഞ തുകയ്ക്ക് നഗരസഭയ്ക്ക് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്നതിനാൽ അത് ലാഭകരമായിരിക്കുമെന്നതിനാലും 2011-ൽ ആരംഭിച്ച നിർമ്മാണ പ്രവൃത്തി 2018-ലും പൂർത്തിയാകാത്തതിനു പരിഹാരം കാണുന്നത് അടിയന്തിര പ്രാധാന്യമുള്ള വിഷയമായതിനാലും കോൺട്രാക്ടറുടെ അപേക്ഷ അനുവദിക്കുകയുണ്ടായി.

2)2015 DSR അനുസരിച്ച് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി തേടിയപ്പോൾ സർക്കാരിന്റെ അനുമതിയോടെ മാത്രമേ പദ്ധതി നടപ്പാക്കാവൂ എന്ന ഉപാധിയോടെയാണ് പരാമർശം(3) പ്രകാരം ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. ഇതിൻപ്രകാരം പരാമർശം(4) പ്രകാരം ഏലൂർ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ അനുമതിക്കായി സർക്കാരിൽ അപേക്ഷിക്കുകയുണ്ടായി.

3)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ബാധകമായ പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 2010 അനുസരിച്ച് കോൺട്രാക്ട് നിലനിൽക്കുന്ന കാലത്തോളം കോൺട്രാക്ടിൽ അംഗീകരിച്ച നിരക്ക് നിലനിൽക്കുന്നതാണ്. ഈ സാഹചര്യത്തിൽ, ഏലൂർ മുനിസിപ്പാലിറ്റിയിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാത്തതു സംബന്ധിച്ച് പരാമർശം(1) പ്രകാരമുള്ള സി.എ.ജി. പരാമർശം പരിഗണിച്ചും, കമ്മ്യൂണിറ്റി ഹാൾ എന്ന വികസന ആവശ്യം നിറവേറ്റുന്നതിൽ ഉണ്ടാകുന്ന സാങ്കേതിക തടസ്സം നീക്കുന്നതിനും, പരാമർശം(2). ഉത്തരവിന്റെ അന്ത:സത്ത ഉൾക്കൊണ്ടും, പരാമർശം(3) കത്തിലെ സാങ്കേതിക അനുമതിയിലെ ഉപാധികൾക്കു വിധേയമായി, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി കോൺട്രാക്ടറായ ശ്രീ.പി.ബി.മനാഫുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് നിർമ്മാണം പൂർത്തിയാക്കാൻ ഏലൂർ നഗരസഭയ്ക്ക് പ്രത്യേക അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**

ഗവൺമെന്റ് അണ്ടർ സെക്രട്ടറി

To

സെക്രട്ടറി, ഏലൂർ മുനിസിപ്പാലിറ്റി
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരളം ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം.തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- (1)തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
(2)അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
(3)അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ.യുടെ സി.എ.ക്ക്